**ഭരണഭാഷ-മാതൃഭാഷ**


**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

**പിൻ കോഡ്- 673032**

**GSTIN:32AAALS4147A5ZE**

**ഫോൺ നമ്പർ : 0495-2365040**

**https://kozhikodecorporation.lsgkerala.gov.in,**
**secretarykkd@gmail.com**


നമ്പർ: 101360-2025 തീയതി : 14-05-2025

## താൽപ്പര്യ പത്രം

കോഴിക്കോട് നഗരസഭ പോസ്റ്റർ ഫ്രീ കോഴിക്കോട് പദ്ധതി നടപ്പിലാക്കുന്നതിൻെറ ഭാഗമായി നിർദ്ദിഷ്ട സ്ഥലങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് താഴെ പറയുന്ന *നിബന്ധനകൾക്കു വിധേയമായി വ്യക്തികളിൽ നിന്നും* അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും *28-05-2025 ന് രാവിലെ 10 മണി മുതൽ വൈകീട്ട് 3 മണി വരെ* താൽപര്യപത്രം ക്ഷണിക്കുന്നു.

## നിബന്ധനകൾ

1)കോഴിക്കോട് നഗരസഭ പരിധി പോസ്റ്റർ ഫ്രീ ഏരിയയായി മാറ്റുന്നതിൻെറ ഭാഗമായി നഗരസഭാ പരിധിയിൽ നഗരസഭ നിർദേശിക്കുന്ന സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2)നിലവിൽ പോസ്റ്ററുകൾ പതിച്ചിട്ടുള്ള പൊതുസ്ഥലങ്ങൾക്ക് സമീപവും, കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ , കോർപ്പറേഷൻ ബിൽഡിങ്ങുകൾ ,ഫുട്ട് പാത്തുകൾ, പാർക്കിങ്ങ് ഏരിയകൾ,റോഡ് ഐലൻറുകൾ ,റോഡിൻറെ വശങ്ങൾ , വിനോദ കേന്ദ്രങ്ങൾ, സ്വകാര്യ സ്ഥലങ്ങൾ എന്നിവിടങ്ങളിലും, നഗരസഭ നിർദേശിക്കുന്ന മറ്റു സ്ഥലങ്ങളിലും പരസ്യബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

3)ഡിജിറ്റൽ /ബാക്ക് ലൈറ്റ് സ്ഥാപിക്കാവുന്നതാണ് .

4)ബോർഡിന്റെ സൈസ് 5mx5m ൽ കൂടാൻ പാടില്ലാത്തതാണ്. കൂടുതൽ വിസ്തീർണ്ണം ഉള്ള ബോർഡുകൾ സ്ഥാപിക്കാൻ സാധ്യതയുള്ള സാഹചര്യത്തിൽ ആയതിന് നഗരസഭയിൽ നിന്നും പ്രത്യേകം അനുമതി വാങ്ങേണ്ടതാണ്.

5)പരമാവധി കാലാവധി 10 വർഷമായിരിക്കും.

6)നഗരസഭയുടെ മുൻകൂർ അനുമതി പ്രകാരമല്ലാത്ത യതൊരു പോസ്റ്ററുകളും പരസ്യവും പ്രദർശിപ്പിക്കാൻ പാടുള്ളതല്ല.

7)സ്ഥാപിക്കുന്ന ബോർഡുകളുടെ ഇലക്ട്രിസിറ്റി കണക്ഷൻ , ഇലക്ട്രിസിറ്റി ചാർജ് എന്നിവ ലൈസൻസി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വഹിക്കേണ്ടതാണ്.

8)മറ്റ് സ്ഥാപനങ്ങൾക്കോ പൊതുജനങ്ങൾക്കോ ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ പരസ്യം പ്രദർശിപ്പിക്കാൻ പാടുള്ളതല്ല.

9)സർക്കാർ ,കോർപ്പറേഷൻ, പോലീസ് വിഭാഗം എന്നിവർ ആവശ്യപ്പെടുന്ന ഏതെങ്കിലും പരസ്യങ്ങൾ ഉണ്ടെങ്കിൽ ആയതിന് യാതൊരു ഫീസ് ഈടാക്കാതെ പ്രദർശിപ്പിക്കേണ്ടതാണ്

10)അശ്ലീലമായ പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടില്ലാത്തതാണ്.

11)തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം നഗരസഭ കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കും.

12)കലാപം,ദുരന്തം,പ്രകൃതിക്ഷോഭം എന്നിവമൂലമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് നഗരസഭ ഉത്തരവാദി ആയിരിക്കുന്നതല്ല.

13)ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിയമാനുസൃതമായി പ്രവർത്തിക്കുന്നതുമായ സ്വതന്ത്ര , സ്വകാര്യ സ്ഥാപനമായിരിക്കണം. ആയതു തെളിയിക്കുന്നതിന് INCORPORATION CERTIFICATE/PARTNERSHIPDEED/PANCARD/GST REGISTRATION കോപ്പി ഹാജരാക്കേണ്ടതാണ് .

14)ഔട്ട് ഡോർ പരസ്യ മേഖലയിൽ 5 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയമുണ്ടായിരിക്കേണ്ടതാണ്. ആയത്

തെളിയിക്കുന്നതിന് INCORPORATION CERTIFICATE/PARTNERSHIPDEED/PANCARD/GST REGISTRATION കോപ്പി ഹാജരാക്കേണ്ടതാണ് .

15)2024 മാർച്ച് 31 വരെയുള്ള മൂന്ന് സാമ്പത്തിക വർഷത്തിൽ ശരാശരി 3 കോടി രൂപയിൽ കുറയാത്ത ടേൺ ഓവർ ഉണ്ടായിരിക്കേണ്ടതാണ്. ആയത് തെളിയിക്കുന്നതിന് CA സർട്ടിഫൈഡ് ചെയ്ത TURNOVER സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

16) 2025 ജനുവരി വരെയുള്ള GST RETURN കുടിശ്ശിക വരുത്തുവാൻ പാടില്ലാത്തതും ആയത് തെളിയിക്കുന്നതിന് GSTR-1,GSTR-3B, സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

17)2024 മാർച്ച് 31 വരെയുള്ള രണ്ട് സാമ്പത്തിക വർഷത്തെ NETWORTH പോസിറ്റീവ് ആയിരിക്കണം. ആയത് തെളിയിക്കുന്നതിന് CA CERTIFICATE ഹാജരാക്കേണ്ടതാണ്.

18)LSGD/ GOVT.AGENCY എന്നിവയിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടില്ല എന്നത് തെളിയിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് ഹാജരാക്കേണ്ടതാണ്.

19)ചുരുങ്ങിയത് മൂന്നു ഔട്ട് ഡോർ ഡിജിറ്റൽ സ്ക്രീൻ സ്ഥാപിച്ച പരസ്യം ചെയ്ത പരിചയം ഉണ്ടായിരിക്കണം . ആയതിനുള്ള തെളിവ് ഹാജരാക്കണം.

സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ

പകർപ്പ് : നഗരസഭ വെബ്സൈറ്റ്, നോട്ടീസ് ബോർഡ് (മെയിൻ ഓഫീസ് , സോണൽ ഓഫീസ് , ഹെൽത്ത് സർക്കിൾ ഓഫീസ് )

Signature Not Verified
Digitally signed by SOMASEKHARAN P
Date: 2025.05.14 12:44:24 IST
Reason: KSMART

**<u>ഭരണഭാഷ-മാതൃഭാഷ</u>**

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

**പിൻ കോഡ്- 673032**

**GSTIN:32AAALS4147A5ZE**

**ഫോൺ നമ്പർ : 0495-2365040**

**https://kozhikodecorporation.lsgkerala.gov.in,**
**secretarykkd@gmail.com**


നമ്പർ: 101360-2025 | തീയതി : 14-05-2025

<u>പരസ്യം</u>

കോഴിക്കോട് നഗരസഭ പോസ്റ്റർ ഫ്രീ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി *നിബന്ധനകൾക്കു വിധേയമായി വ്യക്തികളിൽ നിന്നും* അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

***താൽപര്യപത്രം*** സ്വീകരിക്കുന്ന ***തീയ്യതി : 28/05/2025***

സമയം- *ഉച്ചക്ക് 3 മണി വരെ*

*വിശദവിവരങ്ങൾക്ക്* കോർപ്പറേഷന്റെ *www.kozhikodecorporation.lsgkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതും ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ റവന്യൂ നോൺടാക്സ് വിഭാഗത്തിൽ നേരിട്ട് അന്വേഷിക്കാവുന്നതുമാണ്.*

ഫോൺ- 0495-2365040

വിശ്വസ്തതയോടെ

ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ,

കോഴിക്കോട് കോർപ്പറേഷൻ ★ Non Tax ★ റവന്യൂ വിഭാഗം

Signature Not Verified
Digitally signed by SOMASEKHARAN P
Date: 2025.05.14 12:43:05 IST
Reason: KSMART